**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 343** **07-10-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്/പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് കെട്ടിടങ്ങൾ വിഭാഗം, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവ മുഖേന പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങൾക്കും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്കും, നിലവിലെ കെട്ടിട നിർമ്മാണ ചട്ടത്തിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പല സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസോ/പെർമിറ്റോ ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | Life threatening അല്ലാത്ത മറ്റ് കാരണങ്ങളാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾക്ക് അടുത്ത അധ്യയന വർഷത്തിന് മുൻപായി ആവശ്യമായരേഖകൾസമർപ്പിച്ച് റെഗുലറൈസ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയോടെഈ അധ്യയന വർഷത്തേയ്ക്ക് മാത്രമായി താല്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാനും, നിബന്ധനകൾ അടുത്ത അധ്യായന വർഷത്തിന് മുമ്പായി പാലിക്കുന്നതാണെന്നുള്ള സത്യവാങ്മൂലം അതാത് സ്കൂൾ അധികാരികൾ ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശം ഉൾപ്പെടുത്തി EWB3/104/2023/LSGD നമ്പർ സർക്കുലർ 04/07/2024 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. EWB3/104/2024-LSGD

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 04-07-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്- സംബന്ധിച്ച്

സൂചന:- 10.06.2024 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ- എക്സൈസ്- പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും സംയുക്തമായി ചേർന്ന യോഗ നടപടിക്കുറിപ്പ്

*********************

2024-2025 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾ കെട്ടിടത്തിനു മുകളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ/മരങ്ങളുടെ ശിഖരങ്ങൾ മുറിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതാണ്. (ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളുടേത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെലവിലും, അൺ എയ്ഡഡ് സ്കൂളുകൾ സ്വന്തം ചെലവിലുമാണ് മുറിച്ചു മാറ്റേണ്ടത്.)

2. അനധികൃത ക്ലാസ് റൂം നിർമ്മാണം കാരണം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത സ്കൂളുകളിൽ, 2019 വരെ നിർമ്മിച്ച കെട്ടിടങ്ങൾ പിഴ അടച്ച് റഗുലറൈസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമവൽക്കരണം നടത്തുന്നതിനും 2019 നു ശേഷമുള്ളതോ മുൻപുള്ളതോ ആയ കെട്ടിടങ്ങൾക്ക് സ.ഉ.(പി)നം. 20/2024/എൽ.എസ്.ജി.ഡി തീയതി. 09.02.2024, സ.ഉ. (പി) നം. 21/2024/എൽ.എസ്.ജി.ഡി. തീയതി. 09.02.2024 പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ/കെ.പി.ബി.ആർ വ്യവസ്ഥകളിൽ അനുവദനീയമായ ഇളവുകൾ ലഭിക്കുന്നതിനും അതത് സ്കൂൾ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

3.തുറന്ന കിണറുകൾക്ക് ആൾമറ/ മൂടി എന്നിവ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് സർക്കാർ സ്കൂളുകളുടെ ചെലവ് സർക്കാർ/പിടിഎ/തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളും, എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ചെലവ് അതാത് മാനേജ്മെന്റും വഹിക്കേണ്ടതാണ്.

4. ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, ലിഫ്റ്റ്, മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവയുടെ കാര്യത്തിൽ നിലവിലെ നിയമ വ്യവസ്ഥകൾ ബാധകമാണ്.

5. ഒഴിവാക്കേണ്ടുന്ന മെറ്റൽ ഷീറ്റുകൾ ഒഴിവാക്കേണ്ടതാണ്. ഫാൾസ് സീലിംഗ് എർപ്പെടുത്തേണ്ടവ അപ്രകാരം നടപടി സ്വീകരിക്കണം.

6.പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റാംപ് നിർമ്മിക്കേണ്ടതാണ്. നിലവിൽ റാംപ് സൗകര്യം ലഭ്യമാക്കുവാൻ പര്യപ്തമല്ലാത്ത കെട്ടിടങ്ങൾക്ക് capsule lift പരിഗണിക്കേണ്ടതാണ്.

7.എയ്ഡഡ് സ്കൂളുകൾക്ക് ഈടാക്കുന്ന സൂപർവിഷൻ ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടതാണ്.

8.Life Threatening അല്ലാത്ത , മറ്റു കാരണങ്ങളാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾക്ക് അടുത്ത അധ്യയന വർഷത്തിനു മുമ്പായി ആവശ്യമായ രേഖകൾ സമർപ്പിച്ച് റഗുലറൈസ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയോടെ ഈ അധ്യയന വർഷത്തേയ്ക്ക് മാത്രമായി താൽക്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാൻ തീരുമാനിച്ചു. നിബന്ധനകൾ അടുത്ത അധ്യയന വർഷത്തിനു മുമ്പായി പാലിക്കുന്നതാണെന്നുള്ള സത്യവാങ്മൂലം അതത് സ്കൂൾ അധികൃതർ ഹാജരാക്കേണ്ടതാണ്.

9.കെ.ഇ.ആർ, കെ.എം.ബി.ആർ/കെ.പി.ബി.ആർ വ്യവസ്ഥകളിലെ നിബന്ധനകൾ വ്യത്യസ്തമാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

10. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച /ആരംഭിക്കുവാനുള്ള സകൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കേണ്ടതാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(എല്ലാ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ, ഐ& പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ